**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1496** **10-10-2024 - ൽ മറുപടിയ്ക്ക്**

**കടമക്കുടി-പിഴല പാലത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ ചെറിയ കടമക്കുടി-പിഴല പാലത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ ആക്ട് പ്രകാരം പിഴല ചെറിയ കടമക്കുടി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലമേറ്റെടുക്കുന്നതിനുള്ള 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും, ഭൂമി ഏറ്റെടുക്കുന്നതിന് 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ സെക്ഷൻ 8(1), (2) എന്നിവ പ്രകാരം ജില്ലാകളക്ടർ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | 0.0690 ഹെക്ടർ ഭൂമിയാണ് അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഏറ്റെടുക്കുന്നത്. |
| (സി) | സ്ഥലം ഏറ്റെടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കേണ്ടതെന്നും കാലതാമസത്തിന് കാരണം എന്താണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ? | (സി) | 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ പ്രാഥമിക വിജ്ഞാപനമായ 11(1) നോട്ടിഫിക്കേഷൻ, സർവ്വെ ജോലികൾ പൂർത്തിയാക്കൽ, ബി.വി. ആർ, 19(1) പ്രഖ്യാപനം എന്നിവ പുറപ്പെടുവിക്കേണ്ടതായിട്ടുണ്ട്. 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ ആക്ട് അനുശാസിക്കുന്ന സമയ പരിധിയ്ക്കുള്ളിൽ എൽ.എ കോസ്റ്റ് അനുവദിയ്ക്കുന്ന മുറയ്ക്ക് എത്രയും വേഗം ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ